"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് -ആലപ്പുഴ ജില്ലയിലെ "KIIFB-Improvements to Kaithavana Pazhayanadakkavu-Ambalappuzha Vadakkenada Road in Alappuzha District -Balance Work-General Civil Work." എന്ന പ്രവൃത്തിയുടെ ടെൻഡർ അംഗീകരിച്ച് ഉത്തരവാകുന്നു

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.17/2025/PWD തീയതി,തിരുവനന്തപുരം, 01-03-2025

---

പരാമർശം:-

1. GO (Rt) No: 1192/2016/PWD dated 20.08.2016
2. GO (Ms) 69/2018/Fin dated 24.02.2018.
3. GO (P) No.54/2019/Fin dated 04.05.2019
4. പ്രോജക്റ്റ് ഡയറക്ടർ, പ്രോജക്റ്റ് മാനേജ്മെൻ്റ് യൂണിറ്റ്, കെ.ആർ.എഫ്.ബി. യുടെ 16.09.2024 തീയതിയിലെ PDKRFB-ALPY/15/2022-SS2 നമ്പർ കത്ത്.
5. 27/02/2025 തീയതിയിലെ മന്ത്രിസഭാ യോഗത്തിലെ ഇനം.നമ്പർ 2747.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ "KIIFB-Improvements to Kaithavana Pazhayanadakkavu-Ambalappuzha Vadakkenada Road in Alappuzha District Balance Work-General Civil Work" എന്ന പ്രവർത്തിക്കായി പരാമർശം 1 പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവർത്തിക്ക് KIIFB-ൽ നിന്ന് 20.20 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചു. ടെൻഡർ നടപടികൾ പൂർത്തിയാക്കിയ ശേഷം, M/s Farooq Constructions-മായി കരാർ ഒപ്പിട്ടെങ്കിലും സ്ഥല ലഭ്യത ഇല്ലാത്തതിനാൽ 1.50 കിലോമീറ്ററിന് BC ഇടുന്ന പ്രവൃത്തി ചെയ്യാൻ സാധിച്ചില്ല. എന്നാൽ ഇത് ഒഴികെ എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിരുന്നു. തുടർന്ന് 02.06.2023 -ന് ഒറിജിനൽ പ്രവൃത്തി ഫോർ ക്ലോസ് ചെയ്തു. ബാക്കിയുള്ള പ്രവൃത്തികൾ മൂന്നു തവണ ടെൻഡർ ചെയ്യുകയും മൂന്നാം തവണ M/s Uralungal Labour Contract Co-operative Society Ltd-ൽ നിന്ന് 1,94,40,825/-രൂപ (ഒരു കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ചു രൂപ മാത്രം.) Quote ചെയ്ത ഒരൊറ്റ ബിഡ് മാത്രമാണ് ലഭിച്ചത്. ഇത് എസ്റ്റിമേറ്റ് PAC-നെക്കാൾ 35.49% കൂടുതലായിരുന്നതിനെത്തുടർന്നു പരാമർശം 3 അനുസരിച്ച്, Quote ചെയ്ത ഉയർന്ന നിരക്ക് കുറയ്ക്കുന്നതിന് ബിഡ്ഡറുമായി ചർച്ച നടത്തിയെങ്കിലും, നിരക്ക് കുറയ്ക്കാൻ ബിഡ്ഡർ തയ്യാറായില്ല.

2. M/s. Uralungal Labour Contract Co-operative Society-യുടെ Negotiated Quoted Rate ആയ 1,94,40,825/- രൂപയുടെ ബിഡ് 31.08.2024ന് നടന്ന 53-ാമത് Tender Approval

Committee ക്ക് മുമ്പാകെ വച്ചിരുന്നു. ഇത് മൂന്നാമത്തെ ടെൻഡർ ആയതിനാലും Negotiated Quoted Rate അനുവദനീയമായ പരിധിക്കപ്പുറമായതിനാലും, M/s. Uralungal Labour Contract Co-operative Society-യുടെ Negotiated Quoted Rate ആയ 1,94,40,825/- രൂപയുടെ ബിഡ് അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കാൻ കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. ഇത് ബാലൻസ് വർക്ക് ആയതിനാൽ, വീണ്ടും ടെൻഡർ ചെയ്താൽ പോലും മികച്ച Quote ലഭിക്കാൻ സാധ്യത കുറവായതിനാലും KIIFB പ്രോജക്റ്റ് പൂർത്തിയാക്കേണ്ടതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്തും Negotiated Quote Rate ആയ 1,94,40,825.38/- രൂപയുടെ ബിഡ്, ബിഡ് വാലിഡിറ്റി എക്സ്പെയർ ആകുന്നതിന് മുമ്പ് അംഗീകരിക്കുന്നതിനായി മേൽ പരാമർശം 4 പ്രകാരം, പ്രോജക്റ്റ് ഡയറക്ടർ, പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, കെ.ആർ.എഫ്.ബി സർക്കാരിന്റെ പരിഗണനക്കായി നൽകിയിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, ആലപ്പുഴ ജില്ലയിലെ "KIIFB-Improvements to Kaithavana Pazhayanadakkavu-Ambalappuzha Vadakkenada Road in Alappuzha District Balance Work-General Civil Work" എന്ന പ്രവർത്തിക്കായി M/s Uralungal Labour Contract Co-operative Society Ltd ക്വോട്ട് ചെയ്ത തുകയായ 1,94,40,825 രൂപ (ഒരു കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം.) എസ്റ്റിമേറ്റ് PAC -യെക്കാൾ 35.49 % കൂടുതലായ സാഹചര്യത്തിൽ, സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന കെ.ആർ.എഫ്.ബി പ്രോജക്റ്റ് ഡയറക്ടറുടെ അപേക്ഷ പരാമർശം 2 സർക്കാർ ഉത്തരവിലെ വ്യവസ്ഥകനുസൃതമായി അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പ്രോജക്റ്റ് ഡയറക്ടർ, പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, കെ.ആർ.എഫ്.ബി
എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി, ആലപ്പുഴ
പൊതുഭരണ (എസ്.സി) വകുപ്പ് (27.02.2025-ലെ മന്ത്രിസഭായോഗം ഇനം നം. 2747).
ധനകാര്യവകുപ്പ് (No. INFRA7/41/2024-FIN Finance(Infrastructure) Department dated: 24-12-2024)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
സെക്ഷൻ ഓഫീസർ
Date: 01-03-2025 17:04:44

ചകർപ്പ്-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു.പൊതുമരാ മത്ത് വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതുമരാമത്ത് സെക്രട്ടറിയുടെ പി.എക്ക്.